കാസർകോട് മണ്ഡലം യു ഡി എഫ് സ്ഥാനാർത്ഥി എൻ എ നെല്ലിക്കുന്ന് കാസർകോട് ഗവ.ഐ ടി ഐയിൽ വോട്ടഭ്യർത്ഥിച്ചപ്പോൾ

ഗ്രാമ, തീര പ്രദേശങ്ങളിൽ വോട്ടിംഗ് മന്ദഗതിയിൽ

ബേക്കൽ: ഗ്രാമ-തീര പ്രദേശങ്ങളിൽ വോട്ടെടുപ്പിന്റെ തുടക്കം മന്ദഗതിയിൽ. സാധാരണ ഗതിയിൽ വോട്ടെടുപ്പ് നാളുകളിൽ രാവിലെ മുതൽ തന്നെ അനുഭവപ്പെടാറുള്ള വോട്ടർമാരുടെ കനത്ത തിരക്കോ നിരയോ ഇത്തവണ പല ബൂത്തുകൾക്കു മുന്നിലും കാണപ്പെട്ടില്ലെന്ന് ദൃക് സാക്ഷികൾ പറഞ്ഞു. മുൻ കാലങ്ങളിൽ അതിരാവിലെ തന്നെ വോട്ടർമാർ ബൂത്തുകൾക്കു മുന്നിലെത്തുന്ന പതിവുണ്ടാകാറുണ്ടായിരുന്നു. എന്നാൽ ഇത്തവണ ഈ കാഴ്ച അപൂർവ്വമായിരുന്നു. വളരെ കുറഞ്ഞ വോട്ടർമാർ മാത്രമാണ് ഗ്രാമപഞ്ചായത്തുകളിലെയും, തീര ദേശങ്ങളിലെയും പല ബൂത്തുകളിലുമെത്തിയത്. അത് കൊണ്ട് തന്നെ തിരക്കില്ലാതെ എളുപ്പം വോട്ട് രേഖപ്പെടുത്തി വീടുകളിലേയ്ക്ക് മടങ്ങാനുള്ള അവസരമാണ് പലർക്കും ലഭിച്ചത്.

പള്ളിക്കര ഗ്രാമപഞ്ചായത്തിലെ കല്ലിങ്കാൽ സ്കൂളിലെ ബൂത്തുകളിൽ രാവിലെ മുതൽ തന്നെ വോട്ടെടുപ്പ് മന്ദഗതിയിലായിരുന്നുവെങ്കിലും പിന്നീട് വോട്ടെടുപ്പ് കനത്തിരുന്നു. പൊതുവെ സമാധാനപരമായാണ് വോട്ടെടുപ്പ്. സാധാരണ ഗതിയിൽ പ്രകടമാകാറുള്ള ആവേശമോ ഉത്സാഹമോ പലവോട്ടർമാരിലും പ്രകടമായിരുന്നില്ലെന്നും പറയുന്നു. ഗ്രാമപ്രദേശങ്ങളിലെ മിക്ക ബൂത്തുകളിലും വോട്ടെടുപ്പ് രാവിലെ പൊതുവെ മന്ദഗതിയിലാണ് പുരോഗമിക്കുന്നത്.

പെരിയ, അമ്പലത്തറ, കുണിയ തുടങ്ങി സ്ഥലങ്ങളിലൊക്കെയും തുടക്കം മന്ദഗതിയിലായിരുന്നുവെങ്കിലും പിന്നീട് വോട്ടെടുപ്പ് കനത്തിരുന്നു. പൊതുവെ സമാധാനപരമായാണ് വോട്ടെടുപ്പ്.

ഉദുമ മണ്ഡലം എൽഡിഎഫ് സ്ഥാനാർഥി സി എച്ച് കുഞ്ഞമ്പുവിന്റെ തെരഞ്ഞെടുപ്പ് പരസ്യ പ്രചരണത്തിന്റെ സമാപനത്തിന്റെ ഭാഗമായി പാലക്കുന്നിൽ നിന്ന് ഉദുമയിലേക്ക് സംഘടിപ്പിച്ച റോഡ് ഷോ

പി വി സുരേഷിനു വേണ്ടി ഐങ്ങോത്ത് ഭാര്യയും മക്കളും വോട്ടഭ്യർത്ഥിക്കുന്നു

ഭർത്താവിനു വേണ്ടി ഭാര്യയും മക്കളും വോട്ടഭ്യർത്ഥിച്ചു

കാഞ്ഞങ്ങാട്: കാഞ്ഞങ്ങാട് മണ്ഡലം യു ഡി എഫ് സ്ഥാനാർത്ഥി പി വി സുരേഷിനുവേണ്ടി ഭാര്യയും മക്കളും വോട്ട് അഭ്യർത്ഥിച്ചു. ഐങ്ങോത്ത് പരിസരങ്ങളിലാണ് ഭാര്യ പി സൗമ്യയും മക്കളും വോട്ടർമാരെ നേരിൽകണ്ട് വോട്ട് അഭ്യർത്ഥിച്ചത്.

കെ ശ്രീകാന്തിന് വേണ്ടി അഭിഭാഷകരുടെ വോട്ടഭ്യർത്ഥന

കാസർകോട്: എൻഡിഎ സ്ഥാനാർഥി കെ. ശ്രീകാന്തിന് വേണ്ടി വോട്ട് അഭ്യർഥിച്ച് അഭിഭാഷകർ. ജില്ലാ കോടതി കോംപ്ലക്സിൽ എത്തിയ സ്ഥാനാർഥിയെ സ്വീകരിച്ച് കോടതി കാര്യാലയങ്ങളിലും ബാർ അസോസിയേഷനിലും വോട്ട് അഭ്യർഥന നടത്തി.അഭിഭാഷകരായ കെ. കരുണാകരൻ നമ്പ്യാർ, എ. സി അശോക് കുമാർ, സദാനന്ദ റൈ, പി മുരളീധരൻ, അനന്തരാമൻ, ബി. ഗണേശ്, നവീൻ രാജ്, പി കെ വിജയൻ, സൂര്യ നാരായണ ഭട്ട് എന്നിവർ സ്ഥാനാർത്ഥിയെ അനുഗമിച്ചു.

ജില്ലാ കോടതി കോംപ്ലക്സിലെത്തിയ എൻ ഡി എ സ്ഥാനാർത്ഥി കെ ശ്രീകാന്ത്

സിനിമ കാസർകോട്

മൂവിമാക്സ് സർക്കിൾ (A/c)

MAX-1
THE PRIEST (M)
(04.30, 7.00)
MAX-2
അനുഗ്രഹീതൻ ആന്റണി (2)
(12.00, 4.00,7.00, 9.30)
MAX-3
GODZILLA VS KONG
(12.00,2.30,4.30,9.30)
ONE
(12.00,3.00,6.30,9.30)

For online booking
www.bookmyshow.com

സിനി കൃഷ്ണ A/C 2 K
For online booking
www.bookmyshow.com
QUBE Projecter DOLLB 7.1

KALA(MALAYALAM)
(12.30, 3.30, 6.45, 9.45)

MAX-3
ONE
(12.15, 3.30 6.45, 9.45)

FOR ENQ: 04994-220044

മുസ്ലീം ലീഗ് ഓഫീസ് ഉദ്ഘാടനം ചെയ്തു

കാസർകോട് : തളങ്കര നുസ്രത്ത് നഗറിൽ നവീകരിച്ച മുസ്ലിം ലീഗ് ഓഫീസ് ജില്ലാ പ്രസിഡന്റ് ടി ഇ അബ്ദുല്ല ഉദ്ഘാടനം ചെയ്തു.യഹ്യ തളങ്കര ആധ്യക്ഷം വഹിച്ചു.എ അബ്ദുൽ റഹ്മാൻ,എൻ എ നെല്ലിക്കുന്ന്,ഹാഷിം കടവത്ത്,വി എം മുനീർ,ലുക്മാൻ തളങ്കര,അഷ്റഫ് എടനീർ,അസ്ലം,കെ എം ബഷീർ,ഷെഫീഖ് പി ബി,മൊയ്നുദ്ധീൻ ,എ എ അസീസ്,അജ്മൽ ,സിദ്ധീഖ് ,ഇക്ബാൽ,നൗഫൽ ,ഗഫൂർ,ഹസൈനാർ,ബി യു അബ്ദുല്ല,ഹസ്സൻ,ആദം കുഞ്ഞി ,മുജീബ്,ബഷീർ,ഉസ്മാൻ,അഷ്റഫ്, സലീം,ബഷീർ കെ എഫ് സി,മഹമൂദ് ,സിദ്ധീഖ്,സിദ്ധീഖ്, എം കുഞ്ഞിമൊയ്തീൻ തുടങ്ങിയവർ സംബന്ധിച്ചു.

പ്രതിഷ്ഠാ ദിന പൂജ

മേൽപറമ്പ: പള്ളിപ്പുറം, മേലത്ത് തറവാട് മൂല സ്ഥാന കളരിയിൽ അരവത്ത് കെ യു പത്മനാഭ തന്ത്രികളുടെ കാർമ്മികത്തിൽ ശുദ്ധികലശച്ചടങ്ങുകളും പ്രതിഷ്ഠാദിന പൂജകളും 10ന് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് നടത്തു. രാവിലെ ആറിന് പൂജകൾ ആരംഭിക്കുമെന്ന് ബന്ധപ്പെട്ടവർ അറിയിച്ചു.

അവാർഡ് സമ്മാനിച്ചു

കാഞ്ഞങ്ങാട്: എൻ സി സി 32 കേരള ബറ്റാലിയനിലെ മികച്ച സീനിയർ വിംഗ് കാഡറ്റ് അവാർഡ് പടന്നക്കാട് നെഹ്റു ആർട്സ് ആന്റ് സയൻസ് കോളേജിലെ ശ്രീധ. കെ നമ്പ്യാർക്ക് ലഭിച്ചു.

കോളേജിലെ രണ്ടാംവർഷ ബി കോം വിദ്യാർത്ഥിനിയായ ശ്രീധര പുല്ലൂർ, കൊടവലത്തെ എം ശ്രീധരൻ നമ്പ്യാരുടെയും കെ ശോഭനയുടെയും മകളാണ്. അനുമോദന സമ്മേളനത്തിൽ കമാന്റിംഗ് ഓഫീസർ കേണൽ വൈ വിജയകുമാർ ക്യാഷ് അവാർഡ് സമ്മാനിച്ചു.

ജില്ലയിൽ 144 പേർക്ക് കൂടി കോവിഡ്, 59 പേർക്ക് രോഗമുക്തി

കാസർകോട്: ജില്ലയിൽ 144 പേർക്ക് കൂടി കോവിഡ് 19 പോസിറ്റീവായി. ചികിത്സയിലുണ്ടായിരുന്ന 59 പേർക്ക് കോവിഡ് നെഗറ്റീവായതായി ജില്ലാ മെഡിക്കൽ ഓഫീസർ (ഹെൽത്ത്) ഡോ.എ.വി. രാംദാസ് പറഞ്ഞു. നിലവിൽ 1780 പേരാണ് കോവിഡ് ചികിത്സയിലുള്ളത്.

വീടുകളിൽ 8217 പേരും സ്ഥാപനങ്ങളിൽ 444 പേരുമുൾപ്പെടെ ജില്ലയിൽ ആകെ നിരീക്ഷണത്തിലുള്ളത് 8075 പേരാണ്. പുതിയതായി 1090 പേരെ കൂടി നിരീക്ഷണത്തിലാക്കി. സെന്റിനൽ സർവ്വേ അടക്കം പുതിയതായി 1766 സാമ്പിളുകൾ കൂടി പരിശോധനയ്ക്ക് അയച്ചു.

750 പേരുടെ പരിശോധനാ ഫലം ലഭിക്കാനുണ്ട്. 450 പേർ നിരീക്ഷണ കാലയളവ് പൂർത്തിയാക്കി. 191 പേരെ ആശുപത്രികളിലും കോവിഡ് കെയർ സെന്ററുകളിലുമായി പ്രവേശിപ്പിച്ചു. ആശുപത്രികളിൽ നിന്നും കോവിഡ് കെയർ സെന്ററുകളിൽ നിന്നും 59 പേരെ ഡിസ്ചാർജ് ചെയ്തു. 33280 പേർക്കാണ് ജില്ലയിൽ ഇതുവരെ കോവിഡ് സ്ഥിരീകരിച്ചത്. 31185 പേർക്ക് ഇതുവരെ കോവിഡ് നെഗറ്റീവായി.

ജില്ലയിൽ കോവിഡ് സ്ഥിരീകരിച്ചവരുടെ വിവരങ്ങൾ

അജാനൂർ-5, ബളാൽ-3, ബേഡഡുക്ക-10, ചെമ്മനാട്-5, ചെങ്കള-1, ചെറുവത്തൂർ-7, കള്ളാർ -1, കാഞ്ഞങ്ങാട്-6, കാറഡുക്ക-1,കാസർകോട്-1, കയ്യൂർ ചീമേനി-7, കിനാനൂർ കരിന്തളം-1, കോടോം ബേളൂർ -3, കുമ്പള-1, കുറ്റിക്കോൽ-1, മടിക്കൈ -5, മംഗൽപാടി-3, മീഞ്ച-2, മുളിയാർ-1,നീലേശ്വരം-26, പടന്ന-5, പള്ളിക്കര-5, പനത്തടി-1, പിലിക്കോട്-11, പുല്ലൂർ പെരിയ-14, പുത്തിഗെ-1, തൃക്കരിപ്പൂർ-7, ഉദുമ-4, വലിയപറമ്പ-1, വെസ്റ്റ് എളേരി-2, ഇതരജില്ല നടുവിൽ-1, കുതനൂർ-1, കൂത്തുപറമ്പ്-1.

ജില്ലയിൽ കോവിഡ് ഭേദമായവരുടെ വിവരങ്ങൾ: അജാനൂർ -3, ബളാൽ-1, ബേഡഡുക്ക-2, ചെമ്മനാട്-4, ചെങ്കള-10, ഈസ്റ്റ് എളേരി-2, കാഞ്ഞങ്ങാട്-5, കാറഡുക്ക-1, കിനാനൂർ കരിന്തളം-6, കോടോം ബേളൂർ-1, മധൂർ-4, മംഗൽപാടി-2, നീലേശ്വരം-3, പള്ളിക്കര-3, പുല്ലൂർ പെരിയ-2, തൃക്കരിപ്പൂർ-3, ഉദുമ-5, വലിയപറമ്പ-2

മർച്ചന്റ് നേവി യൂത്ത് വിങ് ജില്ലാ കുടുംബ സംഗമം നടത്തി

ബേക്കൽ: മർച്ചന്റ് നേവി യൂത്ത് വിങ് ജില്ലാ കുടുംബ സംഗമം സംഘടിപ്പിച്ചു. ബേക്കലിൽ നടന്ന സംഗമം ജി വിനയകുമാർ പൈ ഉദ്ഘാടനം ചെയ്തു. കപ്പൽ ജീവനക്കാരനായ ബേക്കലിലെ അനീഷ് ആണ്ടിക്കുള്ള ചികിത്സാ ധനസഹായം വിനയൻ കൈമാറി.

പി രാജേന്ദ്രൻ ആധ്യക്ഷം വഹിച്ചു. വിശിഷ്ട സേവനങ്ങൾക്കുള്ള മുഖ്യമന്ത്രിയുടെ മെഡലിന് അർഹരായ ഡിവൈഎസ്പി ഡോ. വി ബാലകൃഷ്ണൻ, കണ്ണൂർ സിറ്റി അസിസ്റ്റന്റ് കമ്മീഷ്ണർ പി ബാലകൃഷ്ണൻ നായർ, ക്യാപ്റ്റൻ ബാലൻ, ക്യാപ്റ്റൻ ഷൈജു ചിത്രൻ എന്നിവരെ ആദരിച്ചു. രാജേന്ദ്രൻ, യൂത്ത് വിംഗ് സ്ഥാപക പ്രസിഡന്റ് മധു സൂദൻ, സിബി, കോട്ടിക്കുളം മർച്ചന്റ് നേവി ക്ലബ്ബ് പ്രസി.പാലക്കുന്നിൽ കുട്ടി, നൂസി വിമൻസ് കമ്മിറ്റി കേരള റിപ്രെസെന്റേറ്റീവ് പ്രജിത അനൂപ്, സിന്ന ശംഭു, മനോജ്, വിജയൻ, വന്ദന അരവിന്ദൻ, സുരേഷ് ടി വി, പി കെ ഹരിദാസ് പ്രസംഗിച്ചു.

മർച്ചന്റ് നേവി യൂത്ത് വിങ് കുടുംബ സംഗമം ബേക്കൽ റെഡ് മൂൺ ബീച്ചിൽ ന്യൂസി കൊച്ചി ബ്രാഞ്ച് റെപ്രസന്റേറ്റീവ് ജി വിനയകുമാർ പൈ ഉദ്ഘാടനം ചെയ്യുന്നു

ആസ്ക് ആലംപാടി ഭാരവാഹികൾ

ആലംപാടി: ആലംപാടി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബിന്റെ 2021-2022 വർഷത്തേക്കുള്ള കമ്മിറ്റി നിലവിൽ വന്നു. പ്രസിഡന്റായി ഗപ്പു ആലംപാടിയെയും ,സെക്രട്ടറിയായി സിദ്ദിഖ് . എം നെയും, ട്രഷറർ ആയി കാദർ ചാൽക്കരയെയും തെരഞ്ഞെടുത്തു. മറ്റു ഭാരവാഹികൾ: (വൈസ് പ്രസി) : നിസാർ. പുത്തൂർ,സലാം ലണ്ടൻ,ലത്തീഫ്,(ജോ. സെക്ര) നൗമാൻ ഹിശാം ജീലാനി നിസാർ പുത്തൂർ ആധ്യക്ഷം വഹിച്ചു, എസ്.എ അബ്ദുൽ റഹ്മാൻ ഉദ്ഘാടനം ചെയ്തു.

സിദ്ദീഖ് എം, ഹാജി കെ, എം, എസ് എ അബ്ദുൽ റഹ്മാൻ, ലീം ആപ, ആസിഫ്.ബി.എ, മുസ്തഫ, സിദ്ദീഖ്, എന്നിവർ പ്രസംഗിച്ചു. അദ്രഹാജി.കെ.എം, റിയാസ് . ടി.എ, നസീർ, ഷെബി, ഹാരിസ്.സി.എം, ഹാരിസ്, കാദർ, സാദിഖ്, സിദ്ധിഖ്, ആച്ചു, ലത്തീഫ്, സലാം,അബു, സംസി, കാദർ, അബ്ദുല്ല ടി, റാഫിചാച്ച, ഇല്യാസ്, റഷാദ്, അബ്ദുൽ കാദർ (അന്താറു),ശിഹാബ് സി എം, റിയാസ് ടി എ, മുനീർ, ഫാഹിസ്(പായി), റഹീം, സിനാൻ, ആബി,ആമിർ, ചാച്ചി,അജ്ജു, ഇച്ചു, അൻസാർ, ഖലീൽ തുടങ്ങിയവർ സംബന്ധിച്ചു.

കാസർകോട് കേളുഗുഡ്ഡെ ,കുന്തിലയിൽ വോട്ടു ചെയ്യാനെത്തിയവരുടെ നീണ്ട നിര

ലോകാരോഗ്യ ദിനത്തിൽ കോവിഡ് വാക്സിനേഷൻ ക്യാമ്പ് നാളെ

കാസർകോട്: ഐ എം എ കേരള ഘടകത്തിന്റെ ആഹ്വാനപ്രകാരം കാസർകോട് ബ്രാഞ്ചിന്റെയും ആരോഗ്യ വകുപ്പിന്റെയും റോട്ടറി ക്ലബ് കാസർകോടിന്റെയും സംയുക്താഭിമുഖ്യത്തിൽ ലോകരോഗ്യദിനമായ നാളെ കാസർകോട് അശ്വിനി നഗറിലെ മല്യ സിറ്റി ഹോസ്പിറ്റലിൽ വെച്ച് 45 വയസിന് മുകളിലുള്ളവർക്ക് സൗജന്യമായി കോവിഡ് വാക് സിൻ നൽകും. രാവിലെ 9മണി മുതൽ വൈകുന്നേരം 5 മണിവരെയാണ് ക്യാമ്പ്. നേരിട്ടെത്തി രജിസ്റ്റർ ചെയ്യാവുന്നതാണെന്ന് പ്രസിഡന്റ് ഡോ. ബി നാരായണ നായ്ക് സെക്രട്ടറി ഡോ രാകേഷ്, ഡോ. സുരേഷ് മല്ല്യ, ഡോ. ജനാർദ്ദന നായ്ക് അറിയിച്ചു.

പുസ്തക പ്രകാശനം

ചെറുവത്തൂർ: കൈനിരാജൻ തയ്യാറാക്കിയ നാട്ടോർമ്മ എന്ന പുസ്തകത്തിന്റെ പ്രകാശനം വത്സൻ പിലിക്കോട്, കുക്കാനം റഹ്മാനു നൽകി നിർവ്വഹിച്ചു. സിനിമാതാരം ഉണ്ണിരാജ് ചെറുവത്തൂർ ഉദ്ഘാടനം ചെയ്തു. ദാമോദരൻ ആധ്യക്ഷം വഹിച്ചു. വിനോദ് ആലന്തട്ട പുസ്തക പരിചയം നടത്തി.

ആസ്ക്ക് ആലംപാടി ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ട ഗപ്പു ആലംപാടി(പ്രസി), സിദ്ദീഖ് എം(ജന.സെക്ര), ഖാദർ ചാൽക്കര(ട്രഷ).

രാജപുരം പ്രസ് ഫോറം പ്രസി. എ കെ രാജേന്ദ്രനെ അനുമോദിച്ചപ്പോൾ

പോളിംഗ് ഉദ്യോഗസ്ഥർ വലിയപറമ്പിലെത്തിയത് തോണിയിൽ

തൃക്കരിപ്പൂർ: റോഡും, പാലവുമില്ല, അപ്പോൾ പിന്നെ തോണി തന്നെ ശരണം. അറബിക്കടലിനും കവ്വായിക്കായലിനും ഇടയിലുള്ള വലിയപറമ്പ് പഞ്ചായത്തിന്റെ തെക്കേ അറ്റത്തുള്ള തയ്യിൽ സൗത്ത് ജി എൽ പി സ്കൂൾ ബൂത്തിലെത്താൻ പോളിംഗ് ഉദ്യോഗസ്ഥർ സഞ്ചരിച്ചത് തോണിയിൽ. പഞ്ചായത്തിലെ മാവിലാകടപ്പുറം മുതൽ തൃക്കരിപ്പൂർ കടപ്പുറം വരെ പോളിംഗ് സ്റ്റേഷനുകളിൽ വാഹന സൗകര്യമുണ്ടെങ്കിലും തെക്കൻ ഭാഗത്തേക്ക് റോഡില്ല. നിലവിൽ ഉദിനൂർ കടപ്പുറം വരെ മാത്രമാണ് റോഡ് സൗകര്യമുള്ളത്. അതിനാൽ തെരഞ്ഞെടുപ്പ് ഡ്യൂട്ടി ഉള്ള ഉദ്യോഗസ്ഥർക്ക് മാടക്കാൽ ബോട്ടുകടവിൽ തോണി ഒരുക്കുകയായിരുന്നു. ഇന്നലെ രാവിലെ 11 മണിക്ക് ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ, മറ്റു സാമഗ്രികൾ എന്നിവയുമായി അഞ്ചിലേറെ ഉദ്യോഗസ്ഥരാണ് തോണി കയറി ബൂത്തിലെത്തിയത്. തങ്ങൾക്ക് ഇത് പുതിയ അനുഭവമായിരുന്നെന്ന് പ്രിസൈഡിംഗ് ഓഫീസറും കൂടെയുണ്ടായിരുന്ന 4 ഉദ്യോഗസ്ഥരും അറിയിച്ചു.

കോളിയടുക്കം ഗവ. യു പി സ്കൂളിൽ വോട്ട് ചെയ്യാനെത്തിയവർ

എ സഈദിന്റെ സമാഹൃത രചനകളുടെ പ്രകാശനം നാളെ

കോഴിക്കോട്: പ്രമുഖ പണ്ഡിതനും എഴുത്തുകാരനും പ്രഭാഷകനുമായിരുന്ന പരേതനായ എ സഈദിന്റെ 'മതം, സമൂഹം, രാഷ്ട്രീയം സമാഹൃത രചനകൾ' എന്ന ഗ്രന്ഥത്തിന്റെ പ്രകാശനം നാളെ വൈകുന്നേരം നാലിനു കോഴിക്കോട് കെ പി കേശവമേനോൻ ഹാളിൽ നടക്കും. അദ്ദേഹം എഴുതിയ പുസ്തകങ്ങളുടെയും വിവിധ പ്രസിദ്ധീകരണങ്ങളിൽ വന്ന ലേഖനങ്ങളുടെയും സമാഹാരമാണ് രണ്ട് വാല്യങ്ങളിലായി പ്രസിദ്ധീകരിക്കുന്ന പുസ്തകം. യേനപോയ യൂനിവേഴ്സിറ്റിയിലെ ഡോ. ജാവേദ് ജമീൽ, ഒ എം എ സലാം, ഒ അബ്ദുല്ല, വി എ കബീർ, മുസ്തഫ മുണ്ടുപാറ, എം കെ ഫൈസി, പ്രഫ. കോയക്കുട്ടി ഫാറൂഖി, പ്രഫ. പി കോയ, മുസ്തഫ പി എറയ്ക്കൽ, എ പി കുഞ്ഞാമു, ഇ എം അബ്ദുർറഹ്മാൻ, കെ പി കമാലുദ്ദീൻ, നാസറുദ്ദീൻ എളമരം, ഡോ. ജമീൽ അഹമ്മദ്, ജമാൽ കൊച്ചങ്ങാടി, സാലിഹ ആൽപറ്റ പങ്കെടുക്കും.

ഉളുവാറിൽ നടന്ന താജുശ്ശരീഅ അലി കുഞ്ഞി ഉസ്താദ് അനുസ്മരണ സംഗമത്തിൽ സുലൈമാൻ സഖാഫി ദേശാംകുളം മുഖ്യ പ്രഭാഷണം നടത്തുന്നു.

അലി കുഞ്ഞി അനുസ്മരണം നടത്തി

ഉളുവാർ: അലി കുഞ്ഞി ഉസ്താദിന്റെ മായാത്ത സ്മരണകൾ അയവിറക്കി ഉളുവാറിൽ നടന്ന അനുസ്മരണ സംഗമം സമാപിച്ചു. ഉളുവാർ യൂണിറ്റ് കേരള മുസ്ലിം ജമാഅത്ത് ,എസ്.വൈ .എസ്, എസ് .എസ് .എഫ് സംയുക്തമായി സംഘടിപ്പിച്ച സംഗമത്തിൽ അലി കുഞ്ഞി ഉസ്താദിന്റെ ശിഷ്യനും കളത്തൂർ മദീന മഖ്ദൂം മുദരിസുമായ സുലൈമാൻ സഖാഫി ദേശാംകുളം മുഖ്യ പ്രഭാഷണം നടത്തി.എസ് .വൈ .എസ് പ്രസിഡന്റ് മുസ്തഫ സഖാഫി ആധ്യക്ഷം വഹിച്ചു. കുമ്പോൽ സെകൂർ പ്രസിഡന്റ് റാസ ഹിമമി, സെക്രട്ടറി ഷാനി മുഹ്യുദ്ദീൻ നഗർ, ആസിഫ് ഹിമമി ,സ്വാദിഖ് യു.കെ, സിദ്ധീഖ് യു.എ, ജഹ്ഫർ കൊടുവ, അൻസാർ കൊടുവ ,ഹനീഫ് കോരത്തില, .മുഹമ്മദ് കുഞ്ഞി ഉളുവാർ, മുനീർ കൊടുവ സംസാരിച്ചു.

തളങ്കര കുന്നിലിൽ നവീകരിച്ച മുസ്ലിംലീഗ് ഓഫീസ് ഉദ്ഘാടനം കാസർകോട് മുസ്ലിം ലീഗ് ജില്ലാ പ്രസിഡണ്ട് ടി.ഇ അബ്ദുല്ല നിർവ്വഹിക്കുന്നു.

സാൻ മാവിലയുടെ ലാസ്റ്റ് സ്റ്റോപ്പ് എന്ന നോവൽ ആർ രാജശ്രീ പ്രകാശനം ചെയ്യുന്നു

പയ്യന്നൂർ ബ്ലോക്ക് വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ സി 893 പയ്യന്നൂർ 670307 ഫോൺ:04985-208982

ആവശ്യമുണ്ട്

സംഘത്തിൽ ഒഴിവുള്ള ജൂനിയർ ക്ലാർക്ക് തസ്തികയിലേക്ക് കേരള സഹകരണ സംഘം നിയമപ്രകാരം അപേക്ഷകൾ ക്ഷണിക്കുന്നു. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് ചട്ടപ്രകാരം 06.04.2021ന് 40 വയസ് തികഞ്ഞിരിക്കാൻ പാടില്ല. പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമപ്രകാരമുള്ള വയസ്സ് ഇളവിന് അർഹത ഉണ്ടായിരിക്കും. മേൽ തസ്തികയിലേക്കുള്ള അപേക്ഷ 15.04.2021നു വൈകുന്നേരം 5 മണിക്ക് മുമ്പായി സംഘം ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം യോഗ്യത തെളിയിക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പും 6 മാസത്തിനുള്ളിലെടുത്ത ഒരു പാസ്പോർട്ട് സൈസ് ഫോട്ടോയും അടക്കം ചെയ്തിരിക്കണം.

എന്ന്, ഒപ്, സെക്രട്ടറി

NOTICE

My PLUS TWO Commerce Certificate bearing Reg. No:4451134 year 2017 March issue has been irrecoverably lost. It is decided to submit an application for the duplicate PLUS TWO Certificate before the Secretary to the Commissioner for Government Examinations (in the prescribed form) as per the approved procedure. Those who have any objection to issue a duplicate PLUST TWO Certificate to me may file their objection before the Secretary, Board of Public Examinations,Pareeksha Bhavan, Poojappura, Thiruvananthapuram within 15 days from the date of this advertisement.

RADHA S
D/o. Selvaraj
Near Welfare School-
Kuntangeradka, Kumbla,
Kasaragod
Ph: 9995142707